ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

28-2-1986 വരെ നാഫെഡ് വാങ്ങിയ കൊപ്ര

804. ശ്രീ. കെ. പി. പ്രഭാകരൻ :
,, പി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-2-1986 വരെ നാഫെഡ് വാങ്ങിയ കൊപ്ര എത്ര ;

(ബി) അതിനുവേണ്ടി ചെലവാക്കിയ സംഖ്യ എത്ര ;

(സി) കൊപ്ര വാങ്ങുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്ത് ?

ഉത്തരം

(എ) 14-1-1986 മുതൽ 28-2-1986 വരെ 6,580 ടൺ കൊപ്ര വാങ്ങി.

(ബി) ഏഴുകോടി തൊണ്ണൂറു ലക്ഷത്തോളം രൂപ ചെലവായി.

(സി) പ്രാഥമിക സഹകരണസംഘങ്ങളിൽ കൂടിയാണ് കൊപ്ര സംഭരിക്കുന്നത്. ഇങ്ങനെ സംഭരിക്കുന്ന കൊപ്ര, പ്രാഥമിക സംഘങ്ങൾതന്നെ നാഫെഡ് എടുത്തിട്ടുള്ള ഗോഡൗണുകളിൽ എത്തിക്കുന്നു. കൊപ്ര വാങ്ങുന്നതിനാവശ്യമായ പണം നാഫെഡ്, സംസ്ഥാന സഹകരണ വിപണന ഫെഡറേഷനും, ഫെഡറേഷൻ, പ്രാഥമിക സംഘങ്ങൾക്കും നൽകുന്നു.

കൊപ്രവില ഉയർത്താൻ നടപടി

805. ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. ടി. കെ. ആറുമുഖൻ :
,, എ. കെ. പത്മനാഭൻ :
,, ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഫെഡ് ഇതേവരെ എത്ര ടൺ കൊപ്ര വാങ്ങി ;

(ബി) സംസ്ഥാനത്ത് ആകെ ഉൽപ്പാദിപ്പിക്കുന്ന കൊപ്ര എത്ര ; അതിൽ എത്ര ടൺ കൊപ്ര ഗവൺമെന്റ് നേരിട്ട് നാഫെഡിൽകൂടി വാങ്ങിയാൽ വില ഉയർത്തുവാൻ കഴിയുമെന്ന് കരുതുന്നു ?

ഉത്തരം

(എ) നാഫെഡ് ഇതേവരെ പതിനായിരത്തോളം ടൺ കൊപ്ര വാങ്ങിയിട്ടുണ്ട്.

(ബി) ഉദ്ദേശം മൂന്നര ലക്ഷം ടൺ. വില നിലവാരം ഉയർത്തുന്നതിനു വേണ്ടി എത്ര ടൺ കൊപ്രാ വാങ്ങേണ്ടിവരുമെന്നുള്ളത്, കമ്പോളനിലവാരത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ കൃത്യമായി പറയാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly